# അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| സ്കൂളിന്റെ പേര് | : | ജി എൽ പി എസ് മാവടി |
| മേൽവിലാസം | : | നെടുങ്കണ്ടം പി.ഒ., മഞ്ഞപ്പെട്ടി, |
| | | എട്ടുമുക്ക് ഇടുക്കി ഡിസ്റ്റ് |
| ഫോൺ | : | 9 0 7 4 2 8 8 8 1 9 |
| സ്കൂൾ കോഡ് | : | 30 513 |
| വിദ്യാഭ്യാസ ഉപജില്ല | : | നെടുംകണ്ടം |
| വിദ്യാഭ്യാസ ജില്ല | : | കട്ടപ്പന |
| ബി ആർ എസ് സി | : | നെടുങ്കണ്ടം |
| സി ആർ സി | : | നെടുങ്കണ്ടം |
| ഗ്രാമപഞ്ചായത്ത് | : | നെടുങ്കണ്ടം |
| താലൂക്ക് | : | ഉടുമ്പൻ ചോല |
| വില്ലേജ് | : | കൽകൂന്തൽ |
| ഇമെയിൽ വിലാസം | : | mavadyglps@gmail.com |

# പൊതു ലക്ഷ്യങ്ങൾ

1. വായന ഒരു സംസ്കാരമായി രൂപപ്പെടുത്തുന്നതിന് ആവശ്യമായ തരത്തിലുള്ള പ്രവർത്തനങ്ങൾ ഒരുക്കുക.
2. സ്കൂളിൽ എത്തുന്ന എല്ലാ കുട്ടികൾക്കും അതാതു ക്ലാസിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തുക
3. എല്ലാ കുട്ടികൾക്കും മലയാളം ഇംഗ്ലീഷ് ഭാഷകളിൽ എഴുതാനും വായിക്കാനും കഴിവ് ഉറപ്പുവരുത്തുക.
4. ആധുനിക സാങ്കേതികവിദ്യ സാധ്യതകൾ കൂടുതൽ ഫലപ്രദമായി ക്ലാസ് മുറികളിൽ ഉപയോഗിക്കുന്നതിന് അധ്യാപകരെ ശക്തീകരിക്കും അതുവഴി മെച്ചപ്പെട്ട പഠന അനുഭവങ്ങൾ കുട്ടിക്ക് ഉറപ്പുവരുത്തും
5. ഒന്നുമുതൽ നാലു വരെയുള്ള മുഴുവൻ കുട്ടികൾക്കും അക്കാദമിക സപ്പോർട്ടിനായി പാഠഭാഗങ്ങൾക്ക് അനുസൃതമായി വർക്ക് സീറ്റുകൾ എസ് ആർ ജിയുടെ നേതൃത്വത്തിൽ ലഭ്യമാക്കും
6. ആശയപ്രകടന ശേഷി വർദ്ധിപ്പിക്കാൻ സഹായകരമായ രീതിയിൽ വിദ്യാലയ പ്രവർത്തനങ്ങൾ സംഘടിപ്പിക്കും
7. മാലിന്യ മുക്ത വിദ്യാലയം ഹരിത പെരുമാറ്റചട്ടം പാലിച്ച് സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധനം ശുചിത്വം തുടങ്ങിയവ കൃത്യമായി നടപ്പാക്കൽ
8. പോക്സോ സംബന്ധമായ ബോധവൽക്കരണം രാസ ലഹരി മൊബൈൽ അഡിക്ഷൻ തുടങ്ങിയവയ്ക്കെതിരെ മുൻകരുതലുകൾ

# അക്കാദമിക ഭൗതിക നേട്ടങ്ങൾ പരിമിതികൾ

| നേട്ടങ്ങൾ | പരിമിതികൾ |
|---|---|
| ➢ അക്കാദമിക പ്രവർത്തനങ്ങൾ മികച്ച രീതിയിൽ സംഘടിപ്പിക്കുന്ന മികവുറ്റ അധ്യാപക സമൂഹം<br><br>➢ ഓരോ കുട്ടിയും ഒന്നാമനാണ് പദ്ധതി കുട്ടികളുടെ കഴിവും അഭിരുചിയും പരിഗണിച്ച് പരിശീലിപ്പിക്കുന്നു<br><br>➢ കലാ പഠനം പ്രവർത്തി പരിചയപ്പെടണം കായിക പഠനം എന്നിവയ്ക്ക് പ്രത്യേക പരിശീലനം<br><br>➢ സർഗ്ഗാത്മക വേദികൾ ജനാധിപത്യ വേദികൾ എന്നിവ പ്രോത്സാഹിപ്പിക്കുന്ന വിദ്യാലയം<br><br>➢ പാർട്ടിയുടെ പ്രവർത്തനങ്ങൾ ദിനാചരണങ്ങൾ തുടങ്ങിയവ മികവുറ്റ രീതിയിൽ നടപ്പാക്കുന്നു<br><br>➢ കാർഷിക പ്രവർത്തികൾ ജൈവവൈവിധ്യ അന്തരീക്ഷം എന്നിവ കുട്ടികൾക്ക് പ്രദാനം ചെയ്യൽ<br><br>➢ പ്രത്യേക പരിഗണന പിന്തുണയും അർപ്പിക്കുന്നവർക്കുള്ള സപ്പോർട്ട് | ➢ മുഴുവൻ കുട്ടികൾക്കും ഭാഷാശേഷി ഗണിത ശേഷി എന്നിവ കൈവരിക്കാൻ കഴിഞ്ഞിട്ടില്ല<br><br>➢ അന്യസംസ്ഥാന കുട്ടികളുടെ അതിപ്രസരം<br><br>➢ മത്സരപരീക്ഷയിൽ പ്രത്യേകിച്ച് പൊതുവിജ്ഞാന മേഖലയിൽ കുട്ടികളുടെ പിന്നാകാവസ്ഥ പരിഹരിക്കേണ്ടതുണ്ട്<br><br>➢ മികച്ച ലാബ് ലൈബ്രറി സംവിധാനങ്ങൾ ഇല്ല |

# ലക്ഷ്യങ്ങൾ

## ഭാഷാ വികസനം

- മികച്ച വായനാശീലം
- എല്ലാ കുട്ടികളെയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക
- എല്ലാ കുട്ടികൾക്കും അവരവരുടെ ക്ലാസുകൾക്ക് അനുയോജ്യമായ ആശയവിനിമയ ശേഷി നേടി എന്ന് ഉറപ്പുവരുത്തുക
- സർഗാത്മക രചനയ്ക്കുള്ള അവസരം സൃഷ്ടിക്കുക

## ഗണിതം

- ആധുനിക സാങ്കേതിക വിദ്യാസാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുക
- ഗണിത ചിന്താ യുക്തിചിന്ത വിശകലനശേഷി എന്നിവ എല്ലാ കുട്ടികളിലും വളർത്തുക
- അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക

## ഇംഗ്ലീഷ്

- ഇംഗ്ലീഷ് ആത്മവിശ്വാസത്തോടെ ആശയവിനിമയെ നടത്തുന്നതിന് കുട്ടികളെ പ്രാപ്തരാക്കുക
- സ്വതന്ത്ര വായനയ്ക്ക് സജ്ജരാക്കുക
- സ്വതന്ത്ര എഴുത്തിനു സജരാക്കുക
- ക്ലാസ് സ്ഥലം വായന മൂല സ്കൂൾ ലൈബ്രറി എന്നിവിടങ്ങളിൽ ലഘു ഇംഗ്ലീഷ് പുസ്തകങ്ങൾ സജ്ജീകരിക്കുക

## പരിസര പഠനം

- ശാസ്ത്ര പഠനത്തിൽ താൽപര്യം വളർത്തുക ശാസ്ത്രബോധം ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക
- ശാസ്ത്ര പ്രക്രിയ ശേഷികൾ വികസിപ്പിക്കുക
- ശാസ്ത്രത്തിന്റെ രീതി സ്വായത്തമാക്കാനുള്ള അനുഭവം ഒരുക്കുക

## ഐസിടി സാധ്യതകൾ

- വിവരസാങ്കേതികവിദ്യ ഫലപ്രദമായി പ്രയോജനപ്പെടുത്തുക അറിവ് നിർമ്മാണ പ്രക്രിയയിൽ വിവരസാങ്കേതികവിദ്യയുടെ അനന്ത സാധ്യതകൾ ഉപയോഗപ്പെടുത്തുക കുട്ടികൾക്ക് സ്വതന്ത്രമായി നിർഭയമായും കമ്പ്യൂട്ടറുകൾ ഉപയോഗിക്കാനുള്ള സാഹചര്യം ഒരുക്കുക

## കലാ പരിശീലനം

- കുട്ടികളുടെ സർഗാത്മക കഴിവുകൾ കണ്ടെത്തുക ഓരോ കുട്ടിയുടെയും സവിശേഷമായ കഴിവിന്റെ വികസനത്തിന് അവസരം ഒരുക്കുക

## പ്രവർത്തിപരിചയം

- ഇതര വിഷയങ്ങളുമായി പഠനവുമായി പ്രവർത്തി പരിചയം അനുഭവത്തെ ബന്ധിപ്പിക്കുക നിർമ്മാണ നിർമ്മാണാത്മക കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക

## ആരോഗ്യ കായിക വിദ്യാഭ്യാസം

- ആരോഗ്യ കൈത വിദ്യാഭ്യാസത്തിന് എല്ലാ കുട്ടികൾക്കും അവസരം ഉണ്ടാക്കുക ക്യാമ്പസിനെ മാലിന്യമുക്തമാക്കുക ഹരിതാഭമാക്കുക

# വിലയിരുത്തൽ രേഖപ്പെടുത്തൽ അക്കാദമിക മോണിറ്ററിങ്

### അക്കാദമിക മോണിറ്ററിംഗ്.

വിദ്യാർത്ഥികളുടെ പഠന പുരോഗതി ഉറപ്പവരുത്തുന്നതിനായി അധ്യാപകരുടെ ആസൂത്രണം ക്ലാസ് മുറിയിലെ ഇടപെടലുകൾ കുട്ടികളുടെ പങ്കാളിത്തം പഠന പ്രവർത്തനങ്ങൾ എന്നിവയുടെ ശാസ്ത്രീയ അവലോകനമാണ് അക്കാദമിക മോഡൽ പഠനം കേവലം ലക്ഷ്യബന്ധമായതല്ല കുട്ടികളെ ആഴത്തിലുള്ള അറിവിലേക്കും കഴിവിലേക്കും നയിക്കുന്നതും ആകണം ഇത് ഉറപ്പാക്കുന്നതിന് മേൽനോട്ട ഉദ്യോഗസ്ഥർ സ്കൂൾതല പ്രവർത്തനങ്ങൾ പ്രതിപാരമായ വിലയിരുത്തുകയും അനുയോജ്യമായ പുനസംഘടനക്കും പിന്തുണയ്ക്കും തുടർന്നുള്ള ഇടപെടലി നേതൃത്വം നൽകിയും വേണം.

### മോണിറ്ററിന് ഉപാധികൾ

യൂണിറ്റ് വൈസ് മോണിറ്ററിങ് ഫോർമാറ്റ് ഫോർട്ട്ഫോളിയോ എവിഡൻസ് നോട്ട്ബുക്ക് എൻടി ചെക്ക് ലിസ്റ്റ് ഒബ്സർവേഷൻ ടൂൾ.

### വികാസപ്രത വിലയിരുത്തൽ

വികാസപ്രദ വിലയിരുത്തൽ എന്നത് പഠനപ്രക്രിയയിൽ നിന്നും ഉയരുന്ന ഒരു സമഗ്രതയും പ്രതിഫലനവും ആണ് പഠനത്തിനും അധ്യാപനത്തിനും ഇടയിലെ ദിശാബോധം നൽകുന്ന വളർച്ച കേന്ദ്രമാണ് ഇത്. കുട്ടിയുടെ അറിവ് പ്രക്രിയ ശേഷി പങ്കാളിത്തം ആശയവിനിമയം ആശയദാരണ തുടങ്ങിയവ അടിസ്ഥാനമാക്കി നിരന്തരം മുന്നോട്ടുപോകുന്ന ശൈലി വളർത്തുന്നതാണ് വികാസപ്രദമായ വിലയിരുത്തൽ

### വിലയിരുത്തൽ മാർഗങ്ങൾ

- നിരീക്ഷണം
- അഭിമുഖം
- റേറ്റിംഗ്
- സെയിൽ കേസ് സ്റ്റഡി
- സ്വയം വിലയിരുത്തൽ
- പോർട്ട് ഫോളിയോ

# പ്രവർത്തന പദ്ധതികൾ

## മലയാളം

**പ്രവർത്തനം - 1**
**പേര്** : **പുസ്തകം എന്റെ ചങ്ങാതി**
**ഉപമേഖല** : **വായന**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| കുട്ടികളിൽ സാഹിത്യാ വളർത്തുക | പുസ്തകങ്ങൾ ലൈബ്രറിക്ക് മുന്നിൽ കുട്ടികൾക്ക് പരിചയപ്പെടുന്നതിനായി പ്രദർശിപ്പിക്കുന്നു | ആഴ്ചയിൽ ഒരു ദിവസം | ക്ലാസ് ടീച്ചർ |

**പ്രവർത്തനം - 2**
**പേര്** : **ഉച്ചഭാഷിണി**
**ഉപമേഖല** : **വായന**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| അർദ്ധപൂർണ്ണമായി വായിക്കാൻ കുട്ടികൾക്ക് കഴിയുന്നു | പ്രവർത്തനങ്ങൾ ഒരു ദിനം ഒരു കുട്ടിയുടെ വായന | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ |

**പ്രവർത്തനം - 3**
**പേര്** : **വായനാ മൂല**
**ഉപമേഖല** : **വായന**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| അർദ്ധപൂർണ്ണമായി വായിക്കാൻ കുട്ടികൾക്ക് കഴിയുന്നു | മികച്ച വായനാശീലം വളർത്തുക ഒഴിവുസമയങ്ങളിൽ വായിക്കുവാൻ ഓരോ ക്ലാസ് മുറിയിലും പ്രത്യേകം വായന കോർണർ ഒരുക്കുന്നു | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ |

പ്രവർത്തനം - 4

**പേര്** : **കൈയ്യെഴുത്ത് മാസിക**

**ഉപമേഖല** : **ലേഖനം**

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** |
|---|---|---|---|
| ആശയങ്ങൾ വിവിധതരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് | ഓരോ പഠനപ്രവർത്തനങ്ങളിലെ മികച്ച പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച് മാഗസിൻ ഒരുക്കൽ | എല്ലാമാസവും | ക്ലാസ് ടീച്ചർ |

പ്രവർത്തനം - 5

**പേര്** : **എന്റെ വായന കുറിപ്പുകൾ**

**ഉപമേഖല** : **ലേഖനം**

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** |
|---|---|---|---|
| എല്ലാ കുട്ടികളെയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക | പ്രവർത്തനങ്ങൾ വായിച്ച പുസ്തകങ്ങളെ കുറിച്ചുള്ള വായനക്കുറിപ്പ് തയ്യാറാക്കൽ | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ |

പ്രവർത്തനം - 6

**പേര്** : **രചനോത്സവം**

**ഉപമേഖല** : **ലേഖനം**

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** |
|---|---|---|---|
| ആശയങ്ങൾ വിവിധതരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക | ലക്ഷ്യം പ്രവർത്തനങ്ങൾ അധ്യാപകർ തയ്യാറാക്കിയ വ്യവഹാര രൂപങ്ങളുടെ മാതൃക ലഭ്യമാക്കി വ്യവഹാര രൂപങ്ങൾ മാറ്റിയെഴുതൽ | ജൂൺ മുതൽ മാർച്ച് വരെ | ഭാഷ ക്ലബ്ബ് |

പ്രവർത്തനം - 7

**പേര്** : **സർഗ്ഗ വേള**

**ഉപമേഖല** : **പ്രകടന വേദികൾ**

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** |
|---|---|---|---|
| ആശയങ്ങൾ വിവിധതരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക | എല്ലാ കുട്ടികളെയും വായിക്കുന്നതിനും പ്രാപ്തരാക്കുക വായിച്ച പുസ്തകങ്ങളെ കുറിച്ചുള്ള വായനക്കുറിപ്പ് തയ്യാറാക്കൽ ചെറിയ ക്ലാസിൽ വായന കാർഡ് തയ്യാറാക്കൽ വായനക്കുറിപ്പിനുള്ള പുസ്തകം വിദ്യാലയം നൽകുന്നു | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ |

പ്രവർത്തനം - 8

**പേര്** : **പാട്ടരങ്ങ്**

**ഉപമേഖല** : **ഭാഷാ സമൃദ്ധി**

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** |
|---|---|---|---|
| ആശയങ്ങൾ വിവിധതരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക | ഭാവ പ്രകടനം ശക്തപ്രയോഗം വൈവിധ്യങ്ങളുടെ ഭാഷാജ്ഞാനവും ആത്മവിശ്വാസം വളർത്തുക പ്രവർത്തനങ്ങൾ കുട്ടികൾ ആസ്വദിക്കുന്ന പാട്ടുകൾ പഠിപ്പിച്ച അതിന്റെ അവതരണം | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ |

# ഇംഗ്ലീഷ്

**പ്രവർത്തനം -** 1
**പേര്** : **ഇംഗ്ലീഷ് അസംബ്ലി**
**ഉപമേഖല** : **പ്രകടന വേദികൾ**

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** |
|---|---|---|---|
| ലക്ഷ്യം ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം നൽകാൻ ഒരു ദിനം | കുട്ടികൾ തന്നെ അസംബ്ലിയിൽ മുഴുവൻ പരിപാടികളും ഇംഗ്ലീഷിൽ അവതരിപ്പിക്കുന്നു | ആഴ്ചയിൽ ഒരു ദിവസം | ഇംഗ്ലീഷ് ടീച്ചർ |

**പ്രവർത്തനം -** 2
**പേര്** : **ഇംഗ്ലീഷ് ഡയറി (3, 4 ക്ലാസ്സുകളിൽ)**
**ഉപമേഖല** : **ലേഖനം**

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** |
|---|---|---|---|
| ഇംഗ്ലീഷ് രചന മെച്ചപ്പെടുത്തുന്നതിന് | ഓരോ ദിവസത്തെയും വീട്ടിലെ വിദ്യാലയത്തിലെയും അനുഭവങ്ങൾ ഇംഗ്ലീഷിൽ എഴുതുക | ആഴ്ചയിൽ ഒരു ദിവസം | ക്ലാസ്സ് ടീച്ചർ |

പ്രവർത്തനം - 3

**പേര്** : **റീഡിങ് കാർഡ് വർക്ക്ഷോപ്പ്**

**ഉപമേഖല** : **വായന**

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** |
|---|---|---|---|
| ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങളുടെ കുട്ടികളെ പ്രാപ്തരാക്കുക | ടീച്ചറും കുട്ടികളും ചേർന്ന് ഇംഗ്ലീഷ് റീഡിങ് കാർഡ്സ് നിർമ്മിക്കുന്നു | എല്ലാ മാസവും | ഇംഗ്ലീഷ് ക്ലബ്ബ് |

പ്രവർത്തനം - 4

**പേര്** : **വർക്ക്ഷീറ്റ് വർക്ക്ഷോപ്പ്**

**ഉപമേഖല** : **അദ്ധ്യാപക ശാക്തീകരണം**

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** |
|---|---|---|---|
| മുഴുവൻ കുട്ടികൾക്കും ഇംഗ്ലീഷ് ഭാഷയിൽ പ്രാവീണ്യം നേടുക | ഭിന്ന നിലവാരക്കാരായ കുട്ടികൾക്കായി വർക്ക് ഷീറ്റുകൾ തയ്യാറാക്കുന്നു. അദ്ധ്യാപകരുടെ നേതൃത്വം | ജൂലൈ | എസ് ആർ ജി |

# ഗണിതം

**പ്രവർത്തനം - 1**
**പേര് : ഗണിത വർക്ക് ഷീറ്റ് ശില്പശാല**
**ഉപമേഖല : അദ്ധ്യാപക ശാക്തീകരണം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| പാഠ്യ പദ്ധതിയിൽ നിർദ്ദേശിച്ചിട്ടുള്ള മുഴുവൻ പഠന നേട്ടങ്ങൾക്കും എല്ലാ കുട്ടികളെയും അർഹരാക്കുക | എല്ലാ ക്ലാസ്സ് യൂണിറ്റിലേയ്ക്കും പഠന നേട്ടങ്ങൾ ബന്ധപ്പെടുത്തി വർക്ക് ഷീറ്റ് തയ്യാറാക്കൽ | ഓരോ ടേമിന്റെയും തുടക്കത്തിൽ | എസ്.എസ്.ജി. |

**പ്രവർത്തനം - 2**
**പേര് : ഗണിത ലാബ് (ഗണിത മധുരം)**
**ഉപമേഖല : ഗണിത കേളികൾ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| അടിസ്ഥാന ഗണിതാശയങ്ങൾ മുഴുവൻ കുട്ടികൾക്കും എത്തിക്കുക | കുട്ടികൾക്ക് സ്വതന്ത്രരായി ഇടപഴകാൻ സഹായകമായ തരത്തിൽ ഗണിതലാബ് സജ്ജമാക്കൽ | 2024-25 | സ്കൂൾ മാനേജ്മന്റ് |

**പ്രവർത്തനം - 3**
**പേര് : ഗണിത മൂല**
**ഉപമേഖല : ഗണിത കേളികൾ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| അടിസ്ഥാന ഗണിതാശയങ്ങൾ മുഴുവൻ കുട്ടികളിലും ആർജ്ജിക്കുന്നതിന് | മുഴുവൻ ക്ലാസ്സിലും ഗണിത മൂലകൾ ക്രമീകരിക്കൽ (മഞ്ചാടി, കളിനോട്ട് കാർഡുകൾ തുടങ്ങിയവ) | ജൂൺ | ക്ലാസ്സ് ടീച്ചർ |

**പ്രവർത്തനം - 4**
**പേര് : യൂണിറ്റ് വിലയിരുത്തൽ**
**ഉപമേഖല : യൂണിറ്റ് ടെസ്റ്റ്**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ഓരോ ക്ലാസ്സിലും കൈവരിക്കേണ്ട ഉള്ളടക്കപരമായ ധാരണ കൈവരിക്കുന്നുവെന്ന് ഉറപ്പാക്കൽ | ഓരോ യൂണിറ്റിന്റെയും അവസാനം മൂല്യനിർണ്ണയം നടത്തി പരിഹാര ബോധനം ഉറപ്പുവരുത്തുന്നു | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് ടീച്ചർ |

**പ്രവർത്തനം - 5**
**പേര് : ഗണിതം മധുരം**
**ഉപമേഖല : ഗണിത കേളി**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കൽ | ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക പഠന പദ്ധതി ആസൂത്രണം ചെയ്യൽ. ക്യാമ്പുകൾ, ശില്പശാലകൾ | ജൂൺ മുതൽ ആഗസ്റ്റ് വരെ | ക്ലാസ്സ് ടീച്ചർ |

# പരിസര പഠനം

**പ്രവർത്തനം - 1**
**പേര് : ശാസ്ത്ര പഠനോപകരണ ശിൽപശാല**
**ഉപമേഖല : ലാബ് ശാക്തീകരണം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ശാസ്ത്ര പ്രക്രിയ സേഷികൾ വികസിപ്പിക്കുക | ഓരോ ക്ലാസ്സിനും അനുയോജ്യമായ പരീക്ഷണ നിരീക്ഷണ പ്രവർത്തനങ്ങൾക്കി ണങ്ങുംവിധം ശില്പശാലകൾ, ഷോപ്പുകൾ സംഘടിപ്പിക്കൽ | ഓരോ ടേമിലും | ക്ലാസ്സ് ടീച്ചർ |

**പ്രവർത്തനം - 2**
**പേര് : എന്റെ പരീക്ഷണം (കുറിപ്പ് തയ്യാറാക്കൽ) നാലാം ക്ലാസ്സ്**
**ഉപമേഖല : ശാസ്ത്ര അവബോധം വളർത്തൽ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ശാസ്ത്ര പഠന താൽപര്യം വളർത്തുക, ശാസ്ത്രാവബോധം, ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക | പരീക്ഷണങ്ങൾ രേഖപ്പെടുത്തുന്നതിന്റെ പ്രാധാന്യം മനസ്സിലാക്കുന്ന തരത്തിൽ പരീക്ഷണ കുറിപ്പ് തയ്യാറാക്കൽ | എല്ലാ മാസത്തിലും | ക്ലാസ്സ് ടീച്ചർ |

**പ്രവർത്തനം - 3**
**പേര് : പരീക്ഷണോത്സവം**
**ഉപമേഖല : ശാസ്ത്രാന്വേഷണം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ശാസ്ത്രവിഷയങ്ങളിലേയ്ക്കുള്ള താൽപര്യവും മനഃശാസ്ത്രപരവുമായ ഉത്സാഹവും വളർത്തുക | ക്ലാസ്സ് മുറികളിൽ ശാസ്ത്രപ്രയോഗങ്ങൾ കാണിച്ച് അർത്ഥമാക്കുന്നതും കുട്ടികൾക്ക് അതിൽ പങ്കാളികളാകുന്നതുമാണ് പരീക്ഷണോത്സവത്തിലൂടെ ലക്ഷ്യം | എല്ലാ മാസവും | ക്ലാസ്സ് ടീച്ചർ, ശാസ്ത്രക്ലബ്ബ് |

# രാസലഹരി, മൊബൈൽ അഡിക്ഷൻ

**പ്രവർത്തനം -** 1
**പേര്** : **ലഹരി, രാസലഹരി, മൊബൈൽ അഡിക്ഷൻ**
**ഉപമേഖല** : **ശാരീരിക മാനസിക ആരോഗ്യ ബോധവൽക്കരണം**

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** |
|---|---|---|---|
| കുട്ടികളിൽ മോശം ആസക്തികളെക്കുറിച്ചുള്ള ബോധവും പ്രതിരോധ ശേഷിയും വളർത്തുക | ബോധവൽക്കരണ ക്ലാസ്സുകൾ, വീഡിയോകളിലൂടെ പ്രഭാഷണം, ഉപദേശക സംവാദങ്ങൾ, പോസ്റ്റർ നിർമ്മാണം, കടപ്പാട് പ്രകടനങ്ങൾ എന്നിവ വഴി കുട്ടികളിൽ ബോധം വളർത്തുന്നു | അധ്യയന തുടക്കത്തിൽ | ആരോഗ്യവകുപ്പ്, പോലീസ്, SITC |

**പ്രവർത്തനം -** 2
**പേര്** : **ഫീൽഡ് ട്രിപ്പ്**
**ഉപമേഖല** : **പൊതു സ്ഥാപനങ്ങൾ**

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** |
|---|---|---|---|
| സമൂഹത്തിന്റെ മുന്നോട്ട് പോക്കിന് സഹായകമാകുന്ന സാമൂഹ്യ സ്ഥാപനങ്ങളുടെ പ്രാധാന്യം തിരിച്ചറിയുന്നതിന് | പോലീസ് സ്റ്റേഷൻ, പോസ്റ്റോഫീസ്, പഞ്ചായത്ത്, വില്ലേജ്, ആശുപത്രി മുതലായവയിലേയ്ക്ക് ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കൽ | ഓരോ മാസത്തിലും | ക്ലാസ്സ് ടീച്ചർ |

# വിവര സാങ്കേതിക വിദ്യ

**പ്രവർത്തനം -** 1
**പേര്** : **വിവര സാങ്കേതിക വിദ്യയിൽ പരിശീലനം**
**ഉപമേഖല** : **അദ്ധ്യാപക ശാക്തീകരണം**

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** |
|---|---|---|---|
| വിവര സാങ്കേതിക വിദ്യയെ ഫലപ്രദമായി പ്രയോജനപ്പെടുത്തുക | പാഠഭാഗവുമായി ബന്ധപ്പെട്ട് ICT സാധ്യതകൾ ശേഖരിക്കൽ പരിചയപ്പെടുത്തൽ, (സമഗ്ര പ്രവർത്തനങ്ങളിൽ പങ്കാളികളാകൽ) | ഓരോ മാസത്തിലും | SITC |

**പ്രവർത്തനം -** 2
**പേര്** : ITലാബ്
**ഉപമേഖല** : **കമ്പ്യൂട്ടർ വിജ്ഞാനം**

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** |
|---|---|---|---|
| കുട്ടികൾക്ക് സ്വതന്ത്രമായും നിർഭയമായും കമ്പ്യൂട്ടറുകൾ ഉപയോഗിക്കാനുള്ള അവസരം | IT, ICT പ്രവർത്തനങ്ങൾ, പരിശീലന പരിപാടികൾ സംഘടിപ്പിക്കൽ | ജൂൺ ആഗസ്റ്റ് | SITC |

## പ്രവൃത്തി പരിചയം

**പ്രവർത്തനം - 1**
**പേര്** : **പ്രവൃത്തി പരിചയ ശിൽപശാല**
**ഉപമേഖല** : **നിർമ്മാണ കഴിവുകൾ വികസിപ്പിക്കുക**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| നിർമ്മാണത്തിനുള്ള കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക | പ്രവൃത്തി പരിചയ ഇനങ്ങളിൽ കുട്ടികൾക്ക് പരിശീലനം ലഭ്യമാക്കാൻ നിർമ്മാണം. ചന്ദനത്തിരി, പാവ, ചോക്ക് etc | സെപ്റ്റംബർ | ക്ലാസ്സ ടീച്ചർ |

## സർഗ്ഗ വേദി

**പ്രവർത്തനം - 1**
**പേര്** : **സർഗ്ഗവേദി**
**ഉപമേഖല** : **പ്രകടന വേദികൾ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| കലാഭിരുചി വളർത്തുക (കുട്ടികളുടെ സർഗ്ഗാത്മക കഴിവുകൾ) | ആഴ്ചയിൽ ഒരു ദിവസം എല്ലാ ക്ലാസ്സിലും സർഗ്ഗവേദി നടത്തൽ. നേതൃത്വം വിദ്യാർത്ഥികൾ | എല്ലാ ആഴ്ചയിലും | CT, SRG |

പ്രവർത്തനം - 2

പേര് : **ഹെൽത്ത് ചെക്ക് അപ്പ്**

ഉപമേഖല : **ആരോഗ്യം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| എല്ലാ കുട്ടികൾക്കും കായികാരോഗ്യക്ഷമത ഉറപ്പുവരുത്തുക | എല്ലാ കുട്ടികൾക്കും ആരോഗ്യ ക്ഷമത ഉറപ്പുവരുത്താനായി ആദ്യ ടേമിൽ ഹെൽത്ത് ചെക്ക് അപ്പ് | ജൂൺ, സെപ്റ്റംബർ | PTA |

പ്രവർത്തനം - 3

പേര് : **കായിക വിദ്യാഭ്യാസം – അധ്യാപക ശിൽപശാല**

ഉപമേഖല : **അദ്ധ്യാപക ശാക്തീകരണം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ആരോഗ്യ കായിക വിദ്യാഭ്യാസത്തിന് എല്ലാ കുട്ടികൾക്കും അവസരം | PT, പീരിയഡിൽ ഫിസിക്കൽ എക്സർസൈസ്, ഗെയിംസ് എന്നിവ നൽകുന്നതിന് ക്ലാസ്സ് ടീച്ചർക്ക് പരിശീലനം നൽകൽ | ജൂൺ, മാർച്ച് | SRG |